പ്രതികരണം

ഹനീഫ് വളാഞ്ചേരി

# കേരള രാഷ്ട്രീയത്തിന്റെ ഉള്ളുകള്ളികള്‍ മുസ്‌ലിം സമുദായത്തിന് പിടികിട്ടിയിട്ടില്ല

**മുസ്‌ലിംകളെ** വില്ലന്മാരാക്കി ചിത്രീകരിച്ച് പൊതുസമൂഹത്തില്‍നിന്ന് ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങള്‍ വ്യാപകമായി നടക്കുകയാണ്. മുന്‍കാലങ്ങളിലും ഇത്തരം ശ്രമങ്ങള്‍ ഉണ്ടായിരുന്നെങ്കിലും, ഇപ്പോള്‍ വേഗതയും ശക്തിയും കൂടിയിരിക്കുകയാണ്. മുസ്‌ലിംവിരുദ്ധ പ്രൊപഗണ്ടകള്‍ നടക്കുമ്പോഴെല്ലാം മുസ്‌ലിം സമുദായ സംഘടനകളും മാധ്യമങ്ങളും രംഗത്തുവരികയും സംഘ്പരിവാറാണ് മുസ്‌ലിംവിരുദ്ധ അജണ്ടക്ക് പിന്നിലെന്ന് പ്രചാരണം നടത്തുകയും ചെയ്യുന്നു. ഈ പ്രചാരണത്തില്‍ എത്രത്തോളം സത്യമുണ്ട്? ന്യൂനപക്ഷങ്ങള്‍ക്കെതിരെ ഭൂരിപക്ഷ ഫാഷിസ്റ്റുകള്‍ നടത്തുന്ന പ്രചാരണമാണോ കേരളത്തില്‍ നടക്കുന്നത്? കേരളത്തില്‍ ഭൂരിപക്ഷമെന്ന് പറയപ്പെടുന്ന ഹിന്ദുസമുദായം യഥാര്‍ഥത്തില്‍ അത്ര വലിയ ഭൂരിപക്ഷമൊന്നുമല്ല; ഏകദേശം 55 ശതമാനം മാത്രമാണ്. ന്യൂനപക്ഷങ്ങളെന്ന് പറയപ്പെടുന്ന മുസ്‌ലിം-ക്രൈസ്തവ സമുദായങ്ങളെ ഒന്നിച്ചെടുത്താല്‍ ജനസംഖ്യയുടെ ഏകദേശം 45 ശതമാനം വരും. ന്യൂനപക്ഷം അത്ര ന്യൂനപക്ഷമല്ലെന്നര്‍ഥം. ഭൂരിപക്ഷ സമുദായത്തില്‍തന്നെ സംഘ്പരിവാറിന് സ്വാധീനം വളരെ കുറവാണ്. അവരുടെ ആക്രോശങ്ങളോടും അട്ടഹാസങ്ങളോടും ശരാശരി കേരളീയന് ഒട്ടും അടുപ്പമില്ല. അതാണല്ലോ അവരുടെ മോശമായ തെരഞ്ഞെടുപ്പ് പ്രകടനങ്ങള്‍ കാണിക്കുന്നത്. എന്നിട്ടും മുസ്‌ലിംവിരുദ്ധ പ്രചാരണങ്ങള്‍ക്ക് വര്‍ധിച്ച ജനസമ്മിതി കിട്ടുന്നു. ഇതിന് കാരണമെന്തെന്ന്? ഈ കാരണം മുസ്‌ലിം സമുദായത്തിന് പിടികിട്ടുന്നില്ല. കേരള രാഷ്ട്രീയത്തിന്റെ ഉള്ളുകള്ളികള്‍ മനസ്സിലാക്കുന്നതില്‍ മുസ്‌ലിം സമുദായം തികഞ്ഞ പരാജയമാണ്; അതുകൊണ്ടുതന്നെയാണ് തങ്ങള്‍ ഇരകളാക്കപ്പെടുന്നതിന്റെ കാരണവും മുസ്‌ലിംകള്‍ക്ക് പിടികിട്ടാത്തത്. സംഘ്പരിവാറിന്റെ തുറന്ന രീതിയിലുള്ള വര്‍ഗീയ രാഷ്ട്രീയത്തോട് കേരളീയര്‍ക്ക് താല്‍പര്യമില്ല. എന്നാല്‍ മതേതര രാഷ്ട്രീയത്തിന്റെ പേരിലുള്ള മുഖംമൂടിയിട്ട ജാതി-വര്‍ഗീയ രാഷ്ട്രീയമാണ് കേരളത്തില്‍ നടക്കുന്നത്. രണ്ട് സമുദായങ്ങളിലെ സമ്മര്‍ദ കേന്ദ്രങ്ങളാണ് കേരളത്തെ ഭരിക്കുന്നത്. രാഷ്ട്രീയം, മീഡിയ, പോലീസ്, ബ്യൂറോക്രസി, ജുഡീഷ്യറി എന്നിവയിലെല്ലാം ഈ രണ്ട് സമുദായങ്ങള്‍ക്കുള്ള അമിതമായ മേധാവിത്വവും മറ്റു സമുദായങ്ങളെ വളര്‍ന്നുവരാന്‍ അനുവദിക്കില്ലെന്ന വാശിയുമാണ് മുസ്‌ലിംകള്‍ക്ക് വിനയാവുന്നത്. ഭൂസ്വത്തുക്കള്‍ക്ക് മേലും ഈ സമുദായങ്ങള്‍ക്ക് മേധാവിത്വമുണ്ട്. നായര്‍ സമുദായവും ക്രൈസ്തവ സമുദായവുമാണ് ഈ രണ്ട് ശക്തികള്‍. ഇതില്‍ നായര്‍ ലോബിയെ മുസ്‌ലിം സമു

ദായം നേരത്തേതന്നെ ചെറിയ തോതിൽ തിരിച്ചറിഞ്ഞിട്ടുണ്ട്; പക്ഷേ, സവർണർ എന്നാണ് വിശേഷിപ്പിക്കാറെന്ന് മാത്രം. യഥാർഥത്തിൽ നായർ ലോബി എന്നു തന്നെ തുറന്നു പറയുമ്പോഴാണ് വിശകലനങ്ങൾക്ക് മൂർത്തത ലഭിക്കുക. മുഴുവൻ സവർണ വിഭാഗങ്ങളും നായർ ലോബിയെ ചുറ്റിപ്പറ്റി, അവരുടെ താൽപര്യങ്ങളുടെ സംരക്ഷകരായും പങ്കുപറ്റുന്നവരായുമാണ് നിലനിൽക്കുന്നത്.

രണ്ടാമത്തെ വിഭാഗത്തെ മനസ്സിലാക്കുന്നതിൽ മുസ്‌ലിം സമൂഹം പൂർണ പരാജയമാണ്. യഥാർഥത്തിൽ കേരളത്തിലെ ഏറ്റവും ശക്തമായ ജാതി മേധാവിത്വ ശക്തി ക്രൈസ്തവ സമുദായ ലോബിയാണ്. ഭൂസ്വത്തുക്കളുടെ കാര്യത്തിൽ നായർ അടക്കമുള്ള മുന്നാക്കക്കാരേക്കാളും മുസ്‌ലിം, ഈഴവ തുടങ്ങിയ പിന്നാക്കക്കാരേക്കാളും എത്രയോ മുന്നിലാണ് ക്രൈസ്തവ സമുദായം. ഈ ലോബിയെ വിശേഷിപ്പിക്കാൻ സവർണ ക്രൈസ്തവ ലോബി എന്നുപയോഗിക്കാറുണ്ട് ചിലർ. ഈ വിശേഷണം പൂർണാർഥത്തിൽ ശരിയല്ല; വിശകലനങ്ങളുടെ മൂർച്ച കുറയാൻ കാരണമാവുമെന്ന് മാത്രം. ക്രൈസ്തവരിൽ ഭൂരിപക്ഷവും റോമൻ കത്തോലിക്കരോ യാക്കോബായ-ഓർത്തഡോക്സ് വിഭാഗക്കാരായ മലങ്കരക്കാരോ ആണ്. ഈ വിഭാഗങ്ങൾ പൂർണാർഥത്തിൽ സവർണരാണ്. ന്യൂനപക്ഷവും പിന്നാക്കക്കാരെന്ന് വിശേഷിപ്പിക്കപ്പെടുന്നവരുമായ ലത്തീൻ വിഭാഗവും ഉയർന്ന വിദ്യാഭ്യാസം, സർവീസ് പ്രാതിനിധ്യം, രാഷ്ട്രീയ പങ്കാളിത്തം, ഭൂ ഉടമസ്ഥാവകാശം എന്നിവയിലൂടെ മുഖ്യധാരാ ക്രൈസ്തവ സമുദായത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്. പിന്നാക്ക സമുദായങ്ങളായ മുസ്‌ലിം-ഈഴവ- ദലിത് സമുദായങ്ങളേക്കാൾ എത്രയോ മുന്നാക്കവുമാണ് ലത്തീൻ വിഭാഗം. ദലിത് ക്രൈസ്തവർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന വിഭാഗമാകട്ടെ, തീരെ ചെറിയ ന്യൂനപക്ഷവുമാണ്. അതുകൊണ്ട് സവർണ ക്രൈസ്തവ ലോബി എന്ന പ്രയോഗത്തിന് പകരം, ക്രൈസ്തവ സമുദായ സമ്മർദ ലോബി എന്ന് വിശേഷിപ്പിക്കുന്നതാണ് കൂടുതൽ ശരി.

ചുരുക്കത്തിൽ, നായർ-ക്രൈസ്തവ ലോബി എന്ന മുന്നാക്ക ലോബി ഒരു വശത്തും, മുസ്‌ലിം-ഈഴവ-ദലിത് പിന്നാക്ക ചേരി മറുവശത്തുമായാണ് കേരളത്തിന്റെ സാമൂഹിക മണ്ഡലം നിലനിൽക്കുന്നത്. ഈ അസന്തുലിതത്വം ഏറ്റവും കൂടുതൽ കാണുന്നത് പോലീസ്, ജുഡീഷ്യറി, മീഡിയ, രാഷ്ട്രീയം എന്നിവയിലാണ്. ലൗവ് ജിഹാദ്, ഭീകരവാദം, മഅ്ദനി-സൂഫിയ, തപാൽ ബോംബ് തുടങ്ങിയ ഓരോ വിവാദമെടുത്തു പഠിക്കുമ്പോഴും മുസ്‌ലിംകൾ ഇരകളാക്കപ്പെടുന്നതെന്തുകൊണ്ടാണെന്ന് മനസ്സിലാക്കാൻ ഈ വിശകലനം സഹായിക്കും.

കേരള രാഷ്ട്രീയത്തിന്റെ സാമുദായിക വർഗീയത എത്ര ശക്തമാണെന്ന് തിരിച്ചറിയണമെങ്കിൽ, എം.പിമാർ, എം.എൽ.എമാർ, കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, കേരളത്തിൽ ഇതുവരെ മുഖ്യമന്ത്രിപദം കിട്ടിയവർ എന്നിവരുടെ സമുദായം പരിശോധിച്ചാൽ മാത്രം മതി. 13 ശതമാനത്തിനടുത്തുവരുന്ന നായർ സമുദായത്തിന്റെയും 19 ശതമാനത്തിനടുത്തു വരുന്ന ക്രൈസ്തവ സമുദായത്തിന്റെയും പങ്കാളിത്തം, 25 ശതമാനം വരുന്ന മുസ്‌ലിം സമുദായത്തിന്റെയും 22ശതമാനം വരുന്ന ഈഴവ സമുദായത്തിന്റെയും 12 ശതമാനം വരുന്ന ദലിതരുടെയും പ്രാതിനിധ്യത്തേക്കാൾ എത്രയോ കൂടുതലാണ്. യു.ഡി.എഫ് രാഷ്ട്രീയം എന്നും ക്രൈസ്തവ-നായർ രാഷ്ട്രീയമാണ്. ചില ചില്ലറ പ്രലോഭനങ്ങളിലൂടെ മുസ്‌ലിം ലീഗിനെയും മുസ്‌ലിം സമുദായ വോട്ടിനെയും കൂടെ നിർത്തി ക്രൈസ്തവ-നായർ ലോബി കളിക്കുന്ന കളിയാണ് യു.ഡി.എഫ് രാഷ്ട്രീയം. എൽ.ഡി.എഫിന് പരസ്യമായ സമുദായക്കളി

യില്ലെങ്കിലും, പങ്കാളിത്തം കൂടുതൽ നായർ–ക്രൈസ്തവ വിഭാഗങ്ങൾക്കുതന്നെയാണ്. ഈഴവ സമുദായത്തിന് കുറച്ചു കൂടുതൽ പരിഗണന എൽ.ഡി.എഫിൽ കിട്ടുന്നുവെന്നത് മാത്രമാണ് വ്യത്യാസം. ഈ സാമുദായിക കളിയിൽ ചെറിയ മാറ്റം വരുത്താൻ എൽ.ഡി.എഫ് ശ്രമിച്ചതാണ് അടുത്ത കാലത്ത് കേരളം കണ്ട ശക്തമായ മുസ്‌ലിംവിരുദ്ധ പ്രചാരണത്തിനു കാരണം. മുസ്‌ലിം സമുദായം എൽ.ഡി.എഫിന്റെ കൂടെ നിന്നാൽ ഇതുവരെ നിലനിന്ന സാമുദായിക സമവാക്യങ്ങൾ മാറുമെന്നത് മീഡിയ–പോലീസ്–രാഷ്ട്രീയം എന്നിവയിലെ ജാതി മേധാവികളെയും ഭൂവുടമകളെയും വിദ്യാഭ്യാസ കച്ചവടക്കാരെയും അസ്വസ്ഥരാക്കി. മുസ്‌ലിംകളോട് കൂടുതൽ അടുപ്പം കാണിച്ച പിണറായി ഗ്രൂപ്പിനെയും മീഡിയ ഉപയോഗിച്ച് വേട്ടയാടി. അതുകൊണ്ടാണ് സംഘ്പരിവാർ–സാമ്രാജ്യത്വ ഗൂഢാലോചനകളോ, ത്വരീഖത്തുകളുടെ മറവിൽ ഗൂഢശക്തികൾ ചിലരെ റിക്രൂട്ട് ചെയ്യുന്നതോ ചർച്ച ചെയ്യപ്പെടാതെ പോയത്. പി.ഡി.പിയും മഅ്ദനിയുമാണ് ചർച്ചചെയ്യപ്പെട്ടത്. രാഷ്ട്രീയ സമവാക്യത്തിലെ മാറ്റമാണ് കുത്തക പത്രങ്ങളെയും ഭൂവുടമകളെയും പേടിപ്പെടുത്തുന്നത്. അവരുടെ സമ്മർദം ഫലിച്ചു. ഭീരുക്കളായ ഇടതുപക്ഷം മുസ്‌ലിം വിരുദ്ധ പ്രൊപഗണ്ട തെറ്റാണെന്നറിഞ്ഞിട്ടും സമുദായത്തിന്റെ പക്ഷത്ത് നിന്നില്ല; നായർ സമുദായത്തിന് സംവരണം കൊടുക്കണമെന്ന് പറഞ്ഞ് ജാതി മേധാവികളെ പ്രീണിപ്പിക്കാനും കോപം തണുപ്പിക്കാനുമാണ് ശ്രമിച്ചത്.

നായർ–ക്രൈസ്തവ സമുദായങ്ങളിലെ അടിസ്ഥാന വർഗങ്ങൾ മറ്റു ഏത് സമുദായത്തിലെയും അടിസ്ഥാന വർഗങ്ങളെപ്പോലെ പീഡിപ്പിക്കപ്പെടുന്നവർ തന്നെയാണ്. ജാതി മേധാവിത്വ വിരുദ്ധ മനസ്സുള്ള, വർഗീയതാ വിരോധികളായ ധാരാളം മനുഷ്യ സ്നേഹികൾ ഈ രണ്ട് സമുദായങ്ങളിലുമുണ്ടായിട്ടുണ്ട്; ഇപ്പോഴുമുണ്ട്. എങ്കിലും, കേരളത്തിലെ പുരോഗമന –മതേതര സംസ്കാരത്തിന് കൂടുതൽ സംഭാവനകളർപ്പിച്ചത് മറ്റു മൂന്ന് സമുദായങ്ങളാണ്. ജാതി ചിന്ത ഏറ്റവും കുറഞ്ഞ മൂന്ന് സമുദായങ്ങൾ ഈഴവ, ദലിത്, മുസ്‌ലിം സമുദായങ്ങളാണ്. കമ്യൂണിസ്റ്റ് പാർട്ടികൾക്കും മറ്റും ഏറ്റവും പിന്തുണ കൊടുത്തത് ഈഴവരും ദലിതരുമാണ്. ഇന്നും താരതമ്യേന ജാതി വികാരം കടന്നുചെല്ലാത്തത് ഈ വിഭാഗങ്ങളിലാണ്. ഉദാഹരണത്തിന്, മുസ്‌ലിം–ഈഴവ–ദലിത് വീടുകളിലും സ്ഥാപനങ്ങളിലും പോയാൽ ജാതി നോക്കി അവർ ഏത് പത്രമാണിടുന്നതെന്ന് പറയാൻ നമുക്ക് കഴിയില്ല. മറ്റു രണ്ട് സമുദായങ്ങളുടെ കാര്യം അങ്ങനെയല്ല. പത്രത്തിന്റെ വിഷയത്തിൽ മാത്രമല്ല ഇത്.

നായർ–ക്രൈസ്തവ സമുദായങ്ങളിലെ സമ്പന്ന ലോബികൾ സമ്മർദ ശേഷി നാൾക്കുനാൾ വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ, പിന്നാക്ക സമുദായങ്ങൾ സമ്മർദശേഷി ഉണ്ടാക്കിയെടുക്കുന്നില്ല. ദലിതരുടെ നാമമാത്രമായ സ്വത്വ രാഷ്ട്രീയത്തെ തീവ്രവാദമെന്ന് പറഞ്ഞ് അടിച്ചമർത്തുന്നത് വർക്കലയിലും മറ്റും നാം കണ്ടു. മുസ്‌ലിംകളാണെങ്കിൽ സ്വാതന്ത്ര്യത്തിനു ശേഷം എന്നും വിധേയത്വമാണ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങളെന്തു വേണമെങ്കിലുമെടുത്തോ, ഞങ്ങൾക്ക് വലിയ പങ്കൊന്നും വേണ്ട; ഞങ്ങൾ തീവ്രവാദികളല്ല എന്ന സർട്ടിഫിക്കറ്റ് തന്നാൽ മാത്രം മതി എന്ന നിലപാടാണ് മുസ്‌ലിം സമുദായത്തിന്. എങ്കിലും ഗൾഫ് പണത്തിലൂടെയുണ്ടായ ചെറിയ അഭിവൃദ്ധിയും വിദ്യാഭ്യാസ ഉണർവും മേധാവിത്വ സമുദായങ്ങളിൽ അസ്വസ്ഥതയുണ്ടാക്കി. ഇപ്പോഴത്തെ ഭീകരവേട്ടയുടെ പിന്നിലെ മനശ്ശാസ്ത്രം ഇതു മാത്രമാണ്. കച്ചവടത്തിലും പ്രേമത്തിലും പ്രഫഷനിലും രാഷ്ട്രീയത്തിലുമെല്ലാം മുസ്‌ലിം സംശയിക്കപ്പെടണമെന്ന് ചിലർ തീരുമാനിക്കുകയും തങ്ങളുടെ വിഭവങ്ങ

ളുപയോഗിച്ച് തീരുമാനം നടപ്പാക്കുകയും ചെയ്തു. എന്താണ് ചെയ്യേണ്ടതെന്നും ആരാണിതിന് പിറകിലെന്നും അറിയാതെ സമുദായം നട്ടം തിരിയുകയാണ്. മുസ്‌ലിം സമുദായത്തിന്റെ ഗതിയിതാണെങ്കിൽ ഈഴവ സമുദായത്തിന്റെ ഗതി മറ്റൊന്നാണ്. നാരായണ ഗുരുവിലൂടെ ശക്തി പ്രാപിക്കുകയും ഇടതുപക്ഷ രാഷ്ട്രീയത്തിന് രക്തവും ജീവനും കൊടുക്കുകയും ചെയ്ത ഈ സമുദായം ഇന്ന് തിരിഞ്ഞു നടക്കുകയാണ്. ഇടതുപക്ഷത്തിന്റെ തകർച്ചയോടെ, സംഘ്പരിവാറിന്റെ ബലിയാടുകളായി മാറിക്കൊണ്ടിരിക്കുകയാണ് ഈ സമുദായം. എങ്ങനെയെങ്കിലും നായരാവണമെന്നതാണ് ഇടത്തരക്കാരനായ ഈഴവന്റെ ആഗ്രഹം. സവർണ ബിംബങ്ങളെ ആരാധിച്ചും സവർണ രാഷ്ട്രീയത്തെ സ്വാംശീകരിച്ചും സവർണനായി അഭിനയിച്ചും സായൂജ്യമടയുകയാണ് വിദ്യാസമ്പന്നരായ തീയ്യ–ഈഴവ സമുദായാംഗങ്ങൾ. രാഷ്ട്രീയത്തിലെയും ഭൂസ്വത്തിലെയും തങ്ങളുടെ പ്രാതിനിധ്യക്കുറവിനെക്കുറിച്ചൊന്നും ചിന്തിക്കാൻ ഇപ്പോൾ ഈഴവ സമുദായത്തിന് കഴിയുന്നില്ല. അസ്തിത്വം പൂർണമായും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണവർ.

നായർ–ക്രൈസ്തവ സമുദായങ്ങളിലെ സന്മനസ്കരുടെ പിന്തുണയോടെയുള്ള ഈഴവ–മുസ്‌ലിം–ദലിത് സഖ്യം രൂപം കൊണ്ടാലേ കേരള സമൂഹത്തിൽ പിന്നാക്ക സമുദായങ്ങൾക്ക് നീതിയും അർഹമായ പങ്കാളിത്തവും ലഭിക്കൂ. ■